**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1504** **16-10-2026-ൽ മറുപടിയ്ക്ക്**

**ജവഹർലാൽ നെഹ്റു സെന്റേഴ്സ് ഫോർ സയൻറിഫിക് ടെംപർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. വിൻസെന്റ്
ശ്രീ. ടോണി ചമ്മണി
ശ്രീ. വി. എസ്. ജോയി
ശ്രീ. നീലകണ്ഠൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** യുവാക്കളിലും പൊതുജനങ്ങളിലും ശാസ്ത്രബോധം വളർത്തുന്നതിനുള്ള ജവഹർലാൽ നെഹ്റു സെന്റേഴ്സ് ഫോർ സയൻറിഫിക് ടെംപർ പദ്ധതി അംഗീകാരത്തിനായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** 'ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ' പദ്ധതിയുടെ വിശദ പദ്ധതി രേഖ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി അംഗീകാരത്തിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിൽ സമർപ്പിക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയുമുണ്ടായി.

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 300 ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പറിന്റെ ഉപകേന്ദ്രങ്ങൾ സ്ഥാപിച്ച്, ഓരോ കോളേജിലെയും വിദ്യാർത്ഥികൾക്കും സമീപപ്രദേശങ്ങളിലെ പൊതുജനങ്ങൾക്കും ഉൾപ്പെടെ കുറഞ്ഞത് 5,000 പേർക്ക് നേരിട്ട് ശാസ്ത്രബോധ പ്രചാരണം നടത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

**(ബി)** ഇതിനുള്ള വിശദ പദ്ധതിരേഖ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** 'ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ' പദ്ധതിയുടെ വിശദ പദ്ധതി രേഖ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി അംഗീകാരത്തിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിൽ സമർപ്പിക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയുമുണ്ടായി.

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 300 ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പറിന്റെ ഉപകേന്ദ്രങ്ങൾ സ്ഥാപിച്ച്, ഓരോ കോളേജിലെയും വിദ്യാർത്ഥികൾക്കും സമീപപ്രദേശങ്ങളിലെ പൊതുജനങ്ങൾക്കും ഉൾപ്പെടെ കുറഞ്ഞത് 5,000 പേർക്ക് നേരിട്ട് ശാസ്ത്രബോധ പ്രചാരണം നടത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

**(സി)** നിത്യജീവിതത്തിൽ ശാസ്ത്രത്തിൻറെ പിൻബലമുള്ള ചിന്താ പദ്ധതിയും യുക്തിപരമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള കഴിവും വളർത്തുന്ന രീതിയിലാകുമോ പ്രസ്തുത പദ്ധതി നടപ്പിലാക്കുക എന്ന് വ്യക്തമാക്കുമോ?

**മറുപടി:** ശാസ്ത്രബോധത്തിന്റെ പിൻബലമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്ന രീതിയിലാണ് 'ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ' പദ്ധതി നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**